**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1778** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് എൻഡോസൾഫാൻ മേഖലയിലെ ബഡ്സ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് എൻഡോസൾഫാൻ മേഖലയിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | (എ) കാസർഗോഡ് എൻഡോസൾഫാൻ മേഖലയിൽ 6 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളും (MCRC) 4 ബഡ്സ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ ചുമതല അതാത് പഞ്ചായത്തിനും എം .സി.ആർ .സി. ആയി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് . ആയതിന്റെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഈ സ്കൂളുകളിലെ ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനും എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും താൽക്കാലികമായി കരാറടിസ്ഥാനത്തിൽ 45 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ചാച്ചാജി ബഡ്സ് സ്കൂളിലും (കള്ളാർ പഞ്ചായത്ത്), സാന്ത്വന ബഡ്സ് സ്കൂളിലും (എൻ മകജെ പഞ്ചായത്ത്) ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനും 6 വീതം (12) ജീവനക്കാരുമുണ്ട്. |
| (സി) | ഇവരുടെ നിയമനം സ്ഥിര നിയമനമാണോ കരാറടിസ്ഥാനത്തിലാണോ എന്നത് വ്യക്തമാക്കാമോ; | (സി) | (സി)എം.സി.ആർ.സി.യിലെ ജീവനക്കാരുടെ നിയമനം കരാറടിസ്ഥാനത്തിലാണ്. ചാച്ചാജി ബഡ്സ് സ്കൂളിൽ 4 പേർ കരാറടിസ്ഥാനത്തിലും 2 പേർ ദിവസവേതനാടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്നു. സാന്ത്വന ബഡ്സ് സ്കൂളിൽ 4 പേർ കരാറടിസ്ഥാനത്തിലും 2 പേർ ദിവസവേതനാടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്നു. |
| (ഡി) | കരാറടിസ്ഥാനത്തിൽ ആണെങ്കിൽ എപ്പോഴാണ് നിയമിച്ചതെന്നും എത്ര വർഷത്തേക്കാണ് നിയമനമെന്നും വ്യക്തമാക്കാമോ; | (ഡി) | (ഡി) എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളിൽ 2019 മുതലാണ് കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തി വരുന്നത്. ചാച്ചാജി ബഡ്സ് സ്കൂൾ, സാന്ത്വന ബഡ്സ് സ്കൂൾ എന്നിവ 2011 |

| | | | |
|---|---|---|---|
| | | | മുതലാണ് ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് വരുന്നത്. ഓരോ വർഷത്തേയ്ക്കാണ് കരാറടിസ്ഥാനത്തിൽ നിയമനം നൽകി വരുന്നത്. |
| (ഇ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയായിരുന്നോ നിയമനം എന്നും വ്യക്തമാക്കാമോ; | (ഇ) | (ഇ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും പഞ്ചായത്ത് മുഖേനയുമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. |
| (എഫ്) | ഇവരുടെ കരാർ പുതുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വേതനം മുടങ്ങിക്കിടക്കുന്നുണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എപ്പോൾ കൊടുത്തു തീർക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (എഫ്) | (എഫ്) ഓരോ വർഷത്തേക്കാണ് കരാർ നിയമനം നൽകി വരുന്നത്. ഗ്രാമപഞ്ചായത്ത് നിയമിച്ച ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നിലവിലില്ല. എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത ബഡ്സ് സ്കൂളുകളിൽ 2022 മാർച്ച് 31 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. മാർച്ചിന് ശേഷമുള്ള കാലാവധിയിൽ പുതിയ കരാറിൽ ഏർപ്പെടുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ബഡ്സ് സ്കൂളുകളുടെ ലിസ്റ്റ് | | | |
|---|---|---|---|
| ക്രമ നം. | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | ബഡ്സ് സ്കൂളിന്റെ പേര് | റിമാർക്സ് |
| 1. | ബദിയടുക്ക | എം.സി.ആർ.സി. | നിലവിൽ പ്രവർത്തിക്കുന്നില്ല |
| 2. | ബെള്ളൂർ | എം.സി.ആർ.സി. | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 3. | എൻമകജെ | സാന്ത്വനം | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 4. | കള്ളാർ | ചാച്ചാജി | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 5. | കാറടുക്ക | സ്നേഹ | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 6. | കയ്യൂർ ചീമേനി | സ്നേഹതീരം | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 7. | കുമ്പടജെ | എം.സി.ആർ.സി. | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 8. | മുളിയാർ | തണൽ | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 9. | പനത്തടി | | നിലവിൽ പ്രവർത്തിക്കുന്നില്ല |
| 10. | പുല്ലൂർ-പെരിയ | മഹാത്മ | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ